8094
13/8/14

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - ജുവനൈൽ ജസ്റ്റിസ് ബോർഡിനു വേണ്ടി സ്റ്റാൻഡേർഡ് ഓപ്പറേഷനൽ പ്രൊസീജുവർ (എസ്.ഒ.പി) തയ്യാറാക്കുന്നതിനായി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ. (സാധാ) നം. 494/2014/സാ.നീ.വ. തീയതി, തിരുവനന്തപുരം: 07.08.2014.

==========================================================================

പരാമർശം:- 1. 09.07.2014-ലെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ ഐ.സി.പി.എസ്.3/17344/14 നമ്പർ കത്ത്.
2. 21.07.2014-ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്.

**ഉത്തരവ്**

ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം രൂപീകൃതമായ ജുവനൈൽ ജസ്റ്റിസ് ബോർഡിനു വേണ്ടി സ്റ്റാൻഡേർഡ് ഓപ്പറേഷനൽ പ്രൊസീജുവർ (എസ്.ഒ.പി) തയ്യാറാക്കുന്നതിലേയ്ക്കായി തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിലെ നിലവിലുള്ള ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും എസ്.ഒ.പി-യുടെ കരട് രൂപരേഖ വികസിപ്പിച്ചെടുക്കുകയും എന്ന ഉദ്ദേശത്തോടുകൂടി തൃശ്ശൂർ ഗവൺമെന്റ് ലാ കോളേജ് പ്രിൻസിപ്പൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിലേയ്ക്കായി 1,04,000/- രൂപ 2235-02-102-61 (പി) 34 ഒ.സി. എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കണമെന്ന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശ കത്ത് മുഖേന അഭ്യർത്ഥിച്ചു.

2. 21.07.2014-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസൽ പരിഗണിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജുവനൈൽ ജസ്റ്റിസ് ബോർഡിനു വേണ്ടി സ്റ്റാൻഡേർഡ് ഓപ്പറേഷനൽ പ്രൊസീജുവർ (എസ്.ഒ.പി) തയ്യാറാക്കുന്നതിലേയ്ക്കായി ഭരണാനുമതിയും ഇതിനായി 1,04,000/- (ഒരു ലക്ഷത്തി നാലായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-102-61 (പി) 34 ഒ.സി. എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയും നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**ഡോ.കെ.എം.എബ്രഹാം**
അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,
Jayasree
സെക്ഷൻ ഓഫീസർ.